(ബി) പാചകവാതക വിതരണ മേഖലയിലെ മിന്നൽ പണിമുടക്കുകൾ നിത്യജീവിതത്തെ ബാധിക്കുന്നതായി കണ്ടെത്തിയതിനെതുടർന്ന് ഈ മേഖലയിലെ വിവിധ വിഭാഗം തൊഴിലുകളെ 1994-ലെ കേരള എസൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ആക്ടിന്റെ പരിധിയിൽ വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാലയ ആരോഗ്യം പദ്ധതി

30 (*90) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയ ആരോഗ്യം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് വിദ്യാലയ ആരോഗ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും, ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി 2009-ൽ 10%-ത്തോളം സ്കൂളുകളിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കു വ്യാപിപ്പിക്കുകയുണ്ടായി. പുതുതായി ഉൾപ്പെടുത്തിയ സ്കൂളുകളിൽ പദ്ധതി പൂർണ്ണ രൂപത്തിൽ പ്രവർത്തന സജ്ജമാക്കുന്നതിലേക്കുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

(ബി) വിദ്യാലയ ആരോഗ്യ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

1. കുട്ടികളിൽ സർവ്വസാധാരണയായി കാണുന്ന അസുഖങ്ങൾ കാലേക്കൂട്ടി കണ്ടുപിടിച്ച് ചികിത്സിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

2. കുട്ടികളിൽ കാണുന്ന മാനസിക പ്രശ്നങ്ങളിൽ സംയോജിതമായി ഇടപെടുക, അവരുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക.

3. വിവിധ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾവഴി തങ്ങളുടെ ആരോഗ്യം കാത്തുസൂക്ഷിച്ച് മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുന്നതിനും ഇതുവഴി ആരോഗ്യസംബന്ധിയായ കാര്യങ്ങളിൽ ബുദ്ധിപൂർവ്വമായ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തരാക്കുക.

പ്രവർത്തന രീതി

- ജെ.പി.എച്ച്.എൻ. ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്ഥലിൽവച്ചു തന്നെ കൈകാര്യം ചെയ്യും. റഫർ ചെയ്യേണ്ടവ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തുന്നു. മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽനിന്നും സൗജന്യമായി ലഭിക്കും.
- പ്രഥമ ശുശ്രൂഷ ഉൾപ്പെടെയുള്ള ചികിത്സാ സേവനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്.
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദഗ്ധരുടെ സഹായത്തോടെ കൗൺസിലിംഗ് നടപ്പിലാക്കുക.
- യോഗ ഉൾപ്പെടെയുള്ള സമഗ്ര ആരോഗ്യ പരിപാലനത്തിന് ആവശ്യമായ വിവിധങ്ങളായ പരിശീലന പരിപാടികൾ നടപ്പിലാക്കുക.
- അമ്മമാർക്കും കൗമാരക്കാരായ കുട്ടികൾക്കും പോഷണ മൂല്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് വിവിധ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.
- സാംക്രമിക, ജീവിതശൈലീ രോഗങ്ങളിൽനിന്നും കുട്ടികളെ മുക്തരാക്കുന്നതിനായി വിദഗ്ധ പരിശോധനയും വിവിധങ്ങളായ ബോധവൽക്കരണ പരിപാടികളും വിദ്യാലയ അന്തരീക്ഷത്തിലെ അനാരോഗ്യ സാഹചര്യങ്ങളെ പൂർണ്ണമായും അകറ്റി നിർത്തുവാൻ നടപടികൾ സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- വർഷത്തിലൊരിക്കൽ സ്കൂളിലെ എല്ലാ കുട്ടികളുടെയും സ്ക്രീനിംഗ് നടത്തി, വിവരങ്ങൾ ആരോഗ്യ പ്രവർത്തകർ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തും.
- വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിംഷോ, പോസ്റ്റർ പ്രദർശനം, നാടകം മറ്റു കലാരൂപങ്ങൾ മുഖേനയുള്ള അവബോധം.
- പ്രതിരോധ കുത്തിവയ്പ് ആരോഗ്യകേന്ദ്രങ്ങൾ മുഖേന നടത്തുന്നു.
- 2014-15 കാലയളവിൽ സ്കൂൾ ആരോഗ്യ പദ്ധതി രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം എന്ന പദ്ധതിയായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതിയുടെ നടത്തിപ്പിലേക്കായി എടുത്തിരിക്കുന്ന നടപടികൾ താഴെ രേഖപ്പെടുത്തിയിരിക്കുന്നു:

- പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്തുടനീളം വ്യാപിപ്പിച്ച സ്കൂൾ ആരോഗ്യ പദ്ധതിയുടെ നടത്തിപ്പിലേക്കായി പ്രത്യേകം നിയോഗിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നഴ്സുമാരെ ആവശ്യാനുസൃതം നിയമിച്ചു. നിലവിൽ സംസ്ഥാനത്തൊട്ടാകെ 1100 സ്കൂൾ ഹെൽത്ത് നഴ്സുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.
- നിയമിതരായ എല്ലാ സ്കൂൾ ഹെൽത്ത് നഴ്സുമാർക്കും 5 ദിവസം നീണ്ടു നിൽക്കുന്ന ഇൻഡക്ഷൻ പരിശീലനത്തിന് പുറമേ തുടർ പരിശീലനങ്ങളും നൽകിവരുന്നു.
- കൂടാതെ ആരോഗ്യവകുപ്പിലെ ജെപി.എച്ച്.എൻ., മെഡിക്കൽ ഓഫീസർമാർ, ജെ.എച്ച്.ഐ. അദ്ധ്യാപകർ, പ്രധാനാധ്യാപകർ എന്നിവർക്ക് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനെ സംബന്ധിച്ച ട്രെയിനിംഗ് നൽകിയിട്ടുണ്ട്.
- പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഹെൽത്ത് റെക്കോർഡുകൾ, ഹെൽത്ത് രജിസ്റ്ററുകൾ, ആരോഗ്യ വിദ്യാഭ്യാസ പോസ്റ്ററുകൾ, വൈദ്യ പരിശോധനയ്ക്കായി പരിശോധനാ കിറ്റുകൾ മുതലായവ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം 7344 എക്യൂപ്മെന്റ് കിറ്റുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly